**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 532 29.06.15-ൽ മറുപടിക്ക്**
**"വാണിജ്യ നികുതി ചെക്ക്പോസ്റ്റ്"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ വിവിധ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ വൻതോതിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) | വിജിലൻസും ജില്ലാ കളക്ടറും നടത്തിയ പരിശോധനയിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് 6 കേസുകൾ രജിസ്റ്റർചെയ്തിട്ടുണ്ട്. കണക്കിൽപ്പെടാത്ത തുക കണ്ടെത്തൽ, വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കൽ, കൈക്കൂലിവാങ്ങൽ തുടങ്ങിയ ക്രമക്കേടുകളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്. |
| (സി) | അഴിമതി കേസ്സിൽപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | മേൽ പറഞ്ഞ 6 കേസുകളിലായി 14 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു). |

**സെക്ഷൻ ഓഫീസർ.**

## വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, ഗോവിന്ദാപുരം

13/05/2014 ന് രാത്രി 10.30 മണിക്ക് വിജിലൻസ് ഗോവിന്ദാപുരം വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ പരിശോധന നടത്തുകയുണ്ടായി. വിജിലൻസ് പരിശോധന നടത്തുന്ന സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്നവരെ ആ ചെക്ക്പോസ്റ്റുകളിൽ നിന്ന് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

വിജിലൻസ് താഴെപ്പറയുന്ന ജീവനക്കാർക്കെതിരെ VC 6/2015/PKD പ്രകാരം ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. Shri. A. Abdul Wahab, CTI.
2. Shri. E. Krishnankutty, LDC
3. Shri. M. Shenu, Office Attendant
4. Shri. C. Balakrishnan, IAC, Chittur.

Shri. A. Abdul Wahab, CTI നെ ഉത്തരവ് നമ്പർ എ 11-40039/15/സി. ടി തീയതി 06/06/2015 പ്രകാരം സസ്പെൻഡ് ചെയ്യുകയും Shri. E. Krishnankutty, LDC, Shri. M. Shenu, Office Attendant എന്നിവരെ പാലക്കാട് ജില്ലയിൽ നിന്നും മാറ്റി നിയമിക്കാൻ ഉത്തരവ് ഇടുകയും ചെയ്തു.

## വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, ഗോപാലപുരം

26/08/2014 ന് വിജിലൻസ് ഗോപാലപുരം ചെക്ക്പോസ്റ്റിൽ കയറി കണക്കിൽപ്പെടാത്ത 24,960/- രൂപ അവിടെ നിന്ന് കണ്ടെടുത്തു. കൂടാതെ വിജിലൻസ് പരിശോധന നടത്തുന്ന സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്നവരെ ആ ചെക്ക്പോസ്റ്റുകളിൽ നിന്ന് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

വിജിലൻസ് താഴെപ്പറയുന്ന ജീവനക്കാർക്കെതിരെ VC 12/2015/PKD പ്രകാരം ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. Shri. Satheesh, UDC.
2. Shri. G. Rajasekharan Nair, CTO
3. Shri. P. Sreekumar, CTI
4. Shri. K.V. Satheesan, CTI
5. Shri. C. Satheesh Kumar, Clerical Attendar
6. Shri. M. Baiju, Office Attendant
7. Shri. S. Viju, Office Attendant

Shri. K.S. Jayaram, Intelligence Officer ( u/s )

Shri. K.S. Jayaram, Intelligence Officer, Squad No. VII ആയി ജോലി ചെയ്യുമ്പോൾ കൈക്കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് 03/04/2012014 അറസ്റ്റ് ചെയ്തു. ഇതുകൂടാതെ VC 3/2014/PKD പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. കമ്മീഷണർ ഉത്തരവ് നമ്പർ എ 11-11015/14/CT പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തു.

Shri. K. Jayan, Commercial Tax Officer

വിജിലൻസ് VC 5/2014/SCE പ്രകാരം ശ്രീ. കെ. ജയനെതിരെ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദ്യത്തെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ടിയാനെ non-sensitive post ൽ പാലക്കാടിന് പുറത്ത് നിയമിച്ചിരിക്കുന്നു.

Shri. Gitty George, Commercial Tax Officer.

ഗോപാലപുരം വാണിജ്യ നികുതി ചെക്ക്പോസ്റ്റ് വഴി വിവിധ തരത്തിലുള്ള ചരക്ക് കടത്തുകാരിൽ നിന്നും നിയമലംഘനം നടത്തിയതിന് പിഴ ചുമത്താതെ അവരുടെ പക്കൽ നിന്നും കൈക്കൂലി ആവശ്യപ്പെട്ടുകയും കൈപ്പറ്റുകയും ചെയ്ത കുറ്റത്തിന് Shri. Gitty George, Commercial Tax Officer. ഗോപാലപുരം എന്ന ഉദ്യോഗസ്ഥനെതിരെ കേസ് നമ്പർ VC 17/2015/PKD പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ടിയാനെ non-sensitive post ൽ നിയമനം നടത്താൻ ഉത്തരവായിട്ടുണ്ട്.

*വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, മീനാക്ഷിപുരം*

04/12/2014 ന് വിജിലൻസ് ഈ ചെക്ക്പോസ്റ്റിൽ കയറുകയും കണക്കിൽപ്പെടാത്ത 5,720/- രൂപ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിജിലൻസ് പരിശോധന നടത്തുന്ന സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്നവരെ ആ ചെക്ക്പോസ്റ്റുകളിൽ നിന്ന് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

[signature]
ഡെപ്യൂട്ടി കമ്മീഷണർ

26/6/15